പെൻഷൻ മണി ഓർഡറായി കൈപ്പറ്റുന്നതിനുള്ള സൗകര്യം

*19 [435] ശ്രീ. ടി. പി. എം. സാഹിർ:

" കെ. കുട്ടി അഹമ്മദ് കുട്ടി:

" യു. സി. രാമൻ:

" സി. മമ്മൂട്ടി:

" കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെൻഷൻ മണി ഓർഡറായി കൈപ്പറ്റുന്നതിനുള്ള സൗകര്യം മിനിമം പെൻഷൻ വാങ്ങുന്നവർക്കു മാത്രമായി നിജപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു കാരണം മറ്റു പെൻഷൻകാർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എല്ലാ വിഭാഗം പെൻഷൻകാർക്കും മണി ഓർഡറായി പെൻഷൻ ലഭിച്ചിരുന്ന രീതി പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):

(എ) പെൻഷൻ മണി ഓർഡറായി കൈപ്പറ്റുന്നതിനുള്ള സൗകര്യം മിനിമം പെൻഷൻ വാങ്ങുന്നവർക്കായി മാത്രം നിജപ്പെടുത്തിയിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ജി.ഒ. (പി) നം. 233/2002/ധന തീയതി 17-4-2002 പ്രകാരം സർക്കാർ ചെലവിൽ മണി ഓർഡർ പെൻഷൻ അയച്ചിരുന്ന സംവിധാനം 1-6-2002 മുതൽ നിർത്തലാക്കിയിരുന്നു. എന്നാൽ ജി.ഒ. (പി) 323/2002/ധന തീയതി 23-5-2002 പ്രകാരം മിനിമം പെൻഷൻ വാങ്ങുന്നവരെ പ്രസ്തുത ഉത്തരവിന്റെ പരിധിയിൽനിന്നും ഒഴിവാക്കുകയും ചെയ്തിരുന്നു. സർക്കാർ ഉത്തരവ് ജി.ഒ. (പി) 443/2002/ധന തീയതി 5-7-2002 പ്രകാരം എഴുപത്തിയഞ്ചു വയസ്സും അതിൽ കൂടുതലും പ്രായമുള്ള പെൻഷൻകാർ, ട്രഷറിയിലെത്താൻ കഴിയാത്ത വികലാംഗരായ പെൻഷൻകാർ, കടുത്ത രോഗം കാരണം അവശത സംഭവിച്ച പെൻഷൻകാർ, ബുദ്ധിമാന്ദ്യം സംഭവിച്ച പെൻഷൻകാർ എന്നിവർക്കും സർക്കാർ ചെലവിൽ പെൻഷൻ മണി ഓർഡറായി വീടുകളിൽ എത്തിക്കുന്നതിനുള്ള സംവിധാനം ചെയ്തിട്ടുണ്ട്. എന്നാൽ എല്ലാ പെൻഷൻകാർക്കും സർക്കാർ ചെലവിൽ മണിഓർഡറായി പെൻഷൻ ലഭിച്ചിരുന്ന രീതി സാമ്പത്തിക ബാദ്ധ്യത കാരണം പുനഃസ്ഥാപിക്കാൻ ബുദ്ധിമുട്ടാണ്.

LIBRARY ARCHIVES Kerala Legislative Assembly